# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAIDK 13/ 1189 / 2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 13/ 1189 / 2021 തീയ്യതി: 10/03/2022

## ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 28-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സി. ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 29-11-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-11-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ.
ശ്രീ ഇ.വി. ജിബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ എം.കെ അഭിലാഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ റ്റി.റ്റി മുഹമ്മദ് ഫാസിൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ആർ. കറുപ്പ് സാമി | പ്രസിഡന്റ് | 01-04-2020 | 11-11-2021 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2021 | 29-12-2021 |
| ശ്രീമതി എം. മണിമൊഴി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. വി. ആർ. അജിത്കുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പി.എസ് അജയകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ കെ.സി രമീഷ് കുമാർ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗ്രീഷ്മ വി മാത്യു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പി.എൻ തുളസി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-11-2020 |
| ശ്രീമതി ഷഫീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2020 | 31-03-2021 |
| ഡോ. കെ. എസ് ശ്രീദർശൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ എ. മസൂദ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ ആർ എസ് രാമസാമി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ എ. സുകുമാരൻ | വി.ഇ.ഒ. | 01-04-2020 | 15-10-2020 |
| ശ്രീ. ജിൻസ് കെ. ജോർജ്ജ് | വി.ഇ.ഒ. | 16-10-2020 | 31-03-2021 |
| ഡോ എസ്. അശ്വതി വിശ്വം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 06-05-2020 |
| ഡോ അനിൽ കെ നായർ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 07-05-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 01-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-02-2022) | 1-1 |
| 2 | വാർഷിക ധന വിവരപത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 30-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 01-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 30-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 30-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-02-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: M.K.Abhilash (Asst. Audit Officer, On 30-11-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-03-2022) | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: M.K.Abhilash (Asst. Audit Officer, On 30-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-02-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: M.S.Rajeev (Audit Officer, On 13-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 25-02-2022) | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 02-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 05-03-2022) | 1-9 |
| 10 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ അവശേഷിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 02-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-03-2022) | 1-9-2 |
| 11 | അസറ്റ് ഇല്ലാതെ ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 02-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-02-2022) | 1-9-3 |
| 12 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൌണ്ടുകൾ പരിപാലിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 02-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-03-2022) | 1-9-4 |
| 13 | രേഖകളുടെ പിൻബലമില്ലാതെ 2 ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി.<br>Written By: M.K.Abhilash (Asst. Audit Officer, On 02-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-02-2022) | 1-9-5 |
| 14 | വിനിയോഗത്തിലെ കുറവ് - നഷ്ടം 5 കോടിയോളം രൂപ<br>Written By: M.K.Abhilash (Asst. Audit Officer, On 02-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-10 |
| 15 | ഗ്രാമ പഞ്ചായത്ത് ശുചീകരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 10-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-02-2022) | 1-11 |
| 16 | സർക്കാർ അനുമതിയില്ലാതെ എസ്റ്റേറ്റ് മേഖലയിൽ ലയങ്ങളുടെ പരിസരം കോൺക്രീറ്റ് ചെയ്തിരിക്കുന്നു<br>Written By: E.V.Gibi (Asst. Audit Officer, On 10-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-12 |
| 17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 10-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 1-13 |
| 18 | ഭവന പുനരുദ്ധാരണം - പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹2,00,000/-യുടെ ചെലവ് തടസ്സം -<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-14 |

| | | |
|---|---|---|
| 19 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം മുടങ്ങിയ സ്ഥിതിയിൽ<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-02-2022) | 1-15 |
| 20 | ലൈഫ് പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-16 |
| 21 | തുക അടവാക്കിയെങ്കിലും ₹4,65,457/-യുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 1-17 |
| 22 | ദുരന്ത ലഘൂകരണം - അവലോകനം<br>Written By: M.S.Rajeev (Audit Officer, On 14-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 05-03-2022) | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 07-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: VISHNU.P.K (Senior Grade Auditor, On 09-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 08-12-2021)<br>Last Updated By: Jomon Francis (Senior Grade Auditor, On 08-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

12.03.2020-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവതരിപ്പിച്ച ₹2,91,33,001/- മുന്നിരിപ്പും ₹25,90,45,495/- വരവും ₹28,32,97,199/- ചെലവും ₹48,81,297/- നീക്കിയിരിപ്പും ഉള്ള മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ തൻ വർഷത്തെ ബജറ്റ് 19.03.2021-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. കോവിഡ് പ്രതിരോധ പ്രവർത്തനം, എന്ന ഹെഡിൽ കൂടുതൽ ചെലവ് വന്നതിനാൽ വാടക, മറ്റിനം എന്ന ഹെഡിൽ മിച്ചം വന്ന തുക ക്രമീകരിച്ചുകൊണ്ടും വെള്ളപ്പൊക്കം, മഴക്കെടുതി, എന്നിവയിൽ കൂടുതൽ ചെലവ് വന്നതിനാൽ ചെലവഴിക്കാത്ത മറ്റ് ഹെഡിൽ നിന്നും ക്രമീകരിച്ചുകൊണ്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 05.02.2021-ലെ 2(1) തീരുമാന പ്രകാരം ബജറ്റ് പുതുക്കി. പുതുക്കിയ ബജറ്റിൽ ആകെ വരവ്-ചെലവ് തുകകൾക്ക് മാറ്റമില്ല. പുതുക്കിയ ബജറ്റിന് 15.02.2021-ലെ നമ്പർ 2 തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി.

### 1-2 വാർഷിക ധന വിവരപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 01.07.2021 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 27475400 | 27475400 | 20846165 | 6629235 |
| | പട്ടിക ജാതി വിഭാഗം | 0 | 49149573 | 49149573 | 24962920 | 24186653 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 2280538 | 2280538 | 1963294 | 317244 |
| മെയിന്റനൻസ് ഫണ്ട് - | റോഡ് | 0 | 1625000 | 1625000 | 1171655 | 453345 |
| | റോഡിതരം | 0 | 5032000 | 5032000 | 3577514 | 1454486 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ഉപാധി ഫണ്ട് | 0 | 9000000 | 9000000 | 0 | 9000000 |
| | ഉപാധി രഹിത ഫണ്ട് | 0 | 15124331 | 15124331 | 10045075 | 5079256 |
| കേന്ദ്രാവിഷ്കൃത ഫണ്ട്- | എസ്.എസ്.എ | 375678 | 10322 | 386000 | 0 | 386000 |
| | പൈക്ക | 249062 | 6843 | 255905 | 0 | 255905 |

| | | | | | | |
|---|---|---|---|---|---|---|
| | ഐ.സി.ഡി.എസ്. | 1853584 | 1376720 | 3230304 | 42000 | 3188304 |
| | ശുചിത്വമിഷൻ | 456842 | 0 | 456842 | 0 | 456842 |
| സംസ്ഥാന ഗ്രാന്റ് | ലൈഫ് | 709045 | 0 | 709045 | 0 | 709045 |
| | ലൈഫ് ശുചിത്വ മിഷൻ (വിമുക്തി) | 1985835 | 1541488 | 3527323 | 1201578 | 2325745 |
| | വിമുക്തി | 0 | 3215104 | 3215104 | 0 | 3215104 |
| | കേരളോൽസവം | 20000 | 0 | 20000 | 0 | 20000 |
| റവന്യൂ ഫണ്ട് | സി.എഫ്.എൽ.റ്റി.സി | 0 | 1500000 | 1500000 | 500000 | 1000000 |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 23844605 | 23844605 | 23844605 | 0 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് | | 0 | 118 | 0 | 0 | 118 |

## 1-4 പദ്ധതി അവലോകനം

### പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 143943997 | 134 | 69746708 | 0 | 42 | 76.13 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 31414960 | 20846165 | 66.36 |
| | പട്ടിക ജാതി വിഭാഗം | 47325215 | 24962920 | 52.75 |
| | പട്ടിക വർഗ്ഗ വിഭാഗം | 2540812 | 1963294 | 77.27 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 21527950 | 10045075 | 46.66 |

| | | | | |
|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 1000000 | | 0.00 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 2000000 | | 0.00 |
| തനത് ഫണ്ട് | | 25289590 | 7023898 | 27.77 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 1250000 | | 0.00 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 1837000 | 1171655 | 63.78 |
| | റോഡിതരം | 6467970 | 3577514 | 55.31 |
| മറ്റിനം | | 3290500 | 156187 | 4.75 |
| ആകെ | | 143943997 | 69746708 | 48.45 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4040000 | 5 | 3486369 | 86.30 |
| വെറ്ററിനറി സർജൻ | 5 | 4537000 | 4 | 1218565 | 26.86 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 4 | 1538220 | 4 | 1306730 | 84.95 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 600000 | 1 | 600000 | 100.00 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 400000 | 1 | 400000 | 100.00 |
| വി.ഇ.ഒ. | 6 | 19449930 | 4 | 2030000 | 10.44 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 6800000 | 3 | 6250291 | 91.92 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 27 | 32701440 | 12 | 6866530 | 21.00 |
| അസിസ്റ്റന്റ് എൻജിനീയർ | 120 | 70227407 | 96 | 45095831 | 64.21 |
| അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 4 | 3650000 | 4 | 2492392 | 68.28 |
| ആകെ | 176 | 143943997 | 134 | 69746708 | 48.45 |

3. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 12 | 6804640 | 5493450 | 80.73 |
| | സേവനം | 57 | 51550760 | 14135405 | 27.42 |
| | പശ്ചാത്തലം | 52 | 29535000 | 21436755 | 72.58 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 3 | 11000000 | 1876950 | 17.06 |
| | സേവനം | 10 | 23064985 | 11486317 | 49.80 |
| | പശ്ചാത്തലം | 36 | 19280000 | 13303537 | 69.00 |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 3 | 1600000 | 1200000 | 75.00 |
| | പശ്ചാത്തലം | 3 | 1108612 | 814294 | 73.45 |
| | ആകെ | 176 | 143943997 | 69746708 | 48.45 |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | എണ്ണം | | | |
| വനിതാ ഘടകം | 7 | 6 | 10837000 | 3589934 | 33.13 |
| കുട്ടികൾ | 5 | 4 | 4134985 | 3901871 | 94.36 |
| വൃദ്ധർ | 2 | 2 | 588220 | 453705 | 77.13 |
| ഭിന്നശേഷിക്കാർ | 1 | 1 | 1300000 | 1031000 | 79.31 |
| ആകെ | 15 | 13 | 16860205 | 8976510 | 53.24 |

തൻവർഷം വകയിരുത്തിയ പദ്ധതി അടങ്കലിന്റെ 21 ശതമാനം മാത്രമാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വി.ഇ.ഒ., വെറ്ററിനറി സർജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരും വകയിരുത്തിയ പദ്ധതി അടങ്കലിന്റെ 30 ശതമാനത്തിൽ താഴെ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 459943 | 3318857 | 3778800 | 774362 | 3004438 |

| | | | | | |
|---|---|---|---|---|---|
| അവിദഗ്ദ തൊഴിലാളികളുടെ കൂലി | | 51643000 | 34280350 | 34280350 | |
| വിദഗ്ദ തൊഴിലാളികളുടെ കൂലി | | 183505 | 183505 | 183505 | |
| മെറ്റീരിയൽ വർക്ക് | | 3118000 | 3118000 | 3118000 | |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 14290200 | 86 |
| വാർദ്ധക്യകാല പെൻഷൻ | 51531500 | 588 |
| വികലാംഗ പെൻഷൻ | 5174100 | 19 |
| അവിവാഹിത പെൻഷൻ | 101300 | 9 |

1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,102/- (പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി രണ്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് യഥാസമയം ജോലി സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സാമ്പത്തിക വർഷത്തിൽ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിൽ

മേലുദ്യോഗസ്ഥർ പലസമയത്തും വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കളക്ഷനുകളുടെ കൃത്യത പലപ്പോഴും പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി. നിർണ്ണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയും യഥാസമയം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഊർജ്ജിതമായ നടപടികൾ ഉണ്ടായിട്ടില്ല. 1996-97 മുതൽ 18-19 വരെയുള്ള കാലങ്ങളിൽ 17 റിപ്പോർട്ടുകളിലായി 173 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ ശേഷിക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്ന് വരുന്ന പ്രവണതയുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല. ഇത്തരം നടപടികളുടെ അഭാവം മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്നത് മൂലം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, ലൈസൻസ് അനുവദിക്കൽ, ശുചിത്വം തുടങ്ങി ഗ്രാമ പഞ്ചായത്തിനെ ചുമതല ഏൽപിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർ നടപടി ഇല്ലാതിരിക്കുകയും ആയതുകൊണ്ട് തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ച് നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

1) തൻ വർഷത്തെ സഞ്ചയ സ്റ്റേറ്റ്മെന്റ് വർഷാവസാനം എടുത്ത് സൂക്ഷിക്കാത്തതിനാൽ വസ്തു നികുതി കണക്കുകളുടെ

കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത വ്യക്തമല്ല.

4) ഡി. & ഒ. കുടിശ്ശിക തുകയായ ₹2,59,945/- കാണിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്.

5) വസ്തു നികുതി കുടിശ്ശികയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1-9-2 വിവിധോദ്ദേശ്യ ഗ്രാന്റുകൾ അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | ഫണ്ടിനം | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|
| 1 | 320100101 | എസ്.എസ്.എ | 386000 |
| 2 | 320100121 | ഐ.സി.ഡി.എസ് – കേന്ദ്രവിഹിതം | 3188304 |
| 3 | 320100124 | പൈക്ക | 255905 |
| 4 | 320200322 | ശുചിത്വ മിഷൻ (സംസ്ഥാനം) | 3215104 |
| 5 | 320200323 | കേരളോത്സവം | 20000 |
| 6 | 320200399 | ലൈഫ് | 709045 |
| 7 | 320300199 | വിമുക്തി | 1325104 |
| 8 | | സി.എഫ്.എൽ.റ്റി.സി | 1000000 |
| 9 | 320800199 | ശുചിത്വ മിഷൻ (കേന്ദ്രം) | 456842 |
| | | ആകെ | 10556304 |

വിവിധ പ്രോജക്റ്റുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. തുക ചെലവഴിക്കുകയോ പ്രസ്തുത പദ്ധതികൾ പൂർത്തിയായതാണെങ്കിൽ അതാത് ഏജൻസികളിലേയ്ക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

1-9-3 അസറ്റ് ഇല്ലാതെ ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു

അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|
| 1 | 411310101 Sewerage & Drainage | 88961 |

| | | |
|---|---|---|
| 2 | 411320101 Waterways | 1322947 |

ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-4 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൌണ്ടുകൾ പരിപാലിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. വിശദാംശം താഴെ നൽകുന്നു.

| ക്രമ നം. | ബാങ്ക് | 31.03.2021-ലെ നീക്കിയിരിപ്പ് ₹ |
|---|---|---|
| 1 | എസ്.ബി.ഐ 9098 | 377159 |
| 2 | ഐ.ഡി.സി.ബി 0001 | 8521590 |
| 3 | ഐ.ഡി.സി.ബി 0017 | 47652 |
| 4 | എസ്.ബി.ഐ - പ്ലാൻ | 4989354 |

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം.3/2008 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൌണ്ടിൽ മാത്രം തനത് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്.

1-9-5 രേഖകളുടെ പിൻബലമില്ലാതെ 2 ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി.

തൻ വർഷം രേഖകളുടെ പിൻബലമില്ലാതെ 2 ലക്ഷത്തോളം രൂപയുടെ ഡിമാന്റ് ഒഴിവാക്കി. വിശദാംശം താഴെ പരാമർശിക്കുന്നു.

| കോഡ് | ഇനം | തുക ₹ |
|---|---|---|
| 280100101 | Prior Period Income- Property Tax On Residential Buildings | 234294 |
| 280200201 | Prior Period Income- Rent From Building | 965 |

| | | |
|---|---|---|
| | ആകെ | 235259 |

1-10 വിനിയോഗത്തിലെ കുറവ് - നഷ്ടം 5 കോടിയോളം രൂപ

വികസന ഫണ്ട് നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമായത് ₹4,71,20,219/-യാണ്. പഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പരാമർശിക്കും പ്രകാരം വികസന ഫണ്ട് ലഭിച്ചിട്ടുള്ളതായി കാണുന്നു.

| ഫണ്ടിനം | | അലോട്ട്മെന്റ് ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 27475400 | 20846165 | 6629235 |
| | പട്ടികജാതി വിഭാഗം | 49149573 | 24962920 | 24186653 |
| | പട്ടിക വർഗ്ഗ വിഭാഗം | 2280538 | 1963294 | 317244 |
| മെയിന്റനൻസ് ഫണ്ട് | റോഡ് | 1625000 | 1171655 | 453345 |
| | റോഡിതരം | 5032000 | 3577514 | 1454486 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ഉപാധി ഫണ്ട് | 9000000 | 0 | 9000000 |
| | ഉപാധി രഹിത ഫണ്ട് | 15124331 | 10045075 | 5079256 |
| ആകെ | | | | 47120219 |

ഓരോ വർഷവും അതാത് വർഷത്തെ ബാലൻസ് തുക സർക്കാരിലേക്ക് തിരികെ പോകുന്നതിനാൽ തൻവർഷം ₹4,71,20,219/- പഞ്ചായത്തിന് നഷ്ടമായി. പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ഉതകുമായിരുന്ന ഫണ്ട് നഷ്ടമായതിന് വിശദീകരണം നൽകേണ്ടതാണ്.

1-11 ഗ്രാമ പഞ്ചായത്ത് ശുചീകരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികളുടേയും അവരെ മേൽനോട്ടം വഹിക്കുന്നവരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വേതനം, ഇന്ധന ചെലവ്, വാഹന വാടക എന്നീ ഇനങ്ങളിൽ ഓരോ വർഷവും ഒരു കോടിയിലധികം രൂപയാണ് വേസ്റ്റ് മാനേജ്മെന്റിനായി ഗ്രാമ പഞ്ചായത്ത് ചെലവഴിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ ശുചീകരണ

തൊഴിലാളികൾക്കും മേൽനോട്ട ചുമതലയുള്ളവർക്കും വേതനം നൽകിയ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ₹92,82,300/- തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയുമുള്ള ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ശുചീകരണവുമായി ബന്ധപ്പെട്ട് 64 തൊഴിലാളികളും അവരെ മേൽനോട്ടം വഹിക്കുന്നതിനായി 5 ജീവനക്കാരും ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്യുന്നുണ്ട്. ശുചീകരണ തൊഴിലാളികൾക്ക് ദിവസവേതനായി ₹400/-യും (മാസം ₹12,000/-) മേൽനോട്ടം വഹിക്കുന്നവർക്ക് ദിനംപ്രതി ₹600/-യും (മാസം ₹18,000/-) തനത് ഫണ്ടിൽ നിന്ന് വേതനം ഇനത്തിൽ നൽകുന്നുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം മൂന്ന് പ്രകാരം തൊഴിൽക്കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി ഓരോ അർദ്ധ വർഷത്തേക്കും ഈടാക്കേണ്ട നിരക്ക് പ്രകാരം ശുചീകരണ തൊഴിലാളികളിൽ നിന്ന് തൊഴിൽക്കരം ഇനത്തിൽ ₹600/- നിരക്കിലും മേൽനോട്ടം വഹിക്കുന്നവരിൽ നിന്ന് തൊഴിൽക്കരം ഇനത്തിൽ ₹1,000/- നിരക്കിലും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. എന്നാൽ മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ചുമത്തി ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/09.12.2021) ശുചീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിൽ നിന്ന് തൊഴിൽക്കരം ഈടാക്കാനുള്ള തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. എല്ലാ വർഷവും സെപ്തംബർ, മാർച്ച് മാസങ്ങളിൽ അതത് അർദ്ധവർഷങ്ങളിലെ വരുമാനത്തിനനുസൃതമായി തൊഴിൽക്കരം ഈടാക്കേണ്ടതാണ്.

1-12 സർക്കാർ അനുമതിയില്ലാതെ എസ്റ്റേറ്റ് മേഖലയിൽ ലയങ്ങളുടെ പരിസരം കോൺക്രീറ്റ് ചെയ്തിരിക്കുന്നു

2019-20 വർഷം റോഡ് പ്രവൃത്തികൾ എന്ന പേരിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റേറ്റ് മേഖലയിലെ ലയങ്ങളുടെ മുറ്റവും പരിസരവും കോൺക്രീറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ഇടുക്കി, വയനാട് ജില്ലകളിലെ ഗ്രാമീണ മേഖലയിലുള്ള എസ്റ്റേറ്റ് റോഡുകൾ നവീകരിക്കുന്നതിന് മാത്രമാണ് സർക്കാർ അനുമതിയുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമല്ലാത്ത ഭൂമിയിൽ ഇത്തരം പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ബിൽ നം. /തീ. | തുക |
|---|---|---|---|---|
| 1 | 151/20,<br>ശെൽവി വീട് മുതൽ ബാലഗോപാൽ വീട് വരെ റോഡ് മെയിന്റനൻസ് - വാർഡ് 13 | 450000<br>(വി.ഫ. ജനറൽ) | 19100352009200453759/<br>തീ.16.08.2019<br>19100352009200035198/<br>തീ.05.04.2019 | 38785<br>407005 |
